**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 269** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം വഴി വിതരണം ചെയ്യുന്ന അരിയുടെ ഗുണമേന്മ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീമിൽ ഉൾപ്പെടുത്തി റേഷൻ കടകൾ വഴി വിതരണം നടത്തിക്കൊണ്ടിരിക്കുന്ന അരിയുടെ ഗുണമേന്മ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2026 ഓണത്തിന് അരിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിലേക്കായും വിലക്കയറ്റം നിയന്ത്രിക്കുന്നതിനായും FCI-ൽ നിന്നും OMSS മുഖേന വാങ്ങിയ കോമൺ ബോയിൽഡ് റൈസ് വിഭാഗത്തിൽപ്പെട്ട അരി റേഷൻകടകളിലൂടെ വിതരണം ചെയ്യുകയുണ്ടായി. പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന അരിയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനു കർശന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (FCI) ഗോഡൗണുകളിൽ നിന്നും അരി റേഷനിംഗ് ഇൻസ്പെക്ടറുടെ മേൽനോട്ടത്തിലാണ് വിട്ടെടുക്കുന്നത്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിലെ ക്വാളിറ്റി വിഭാഗവും സപ്ലൈകോയിലെ NFSA ക്വാളിറ്റി വിഭാഗവും താലൂക്ക് സപ്ലൈ ഓഫീസറും അടങ്ങുന്ന സംയുക്ത സമിതി അരിയുടെ ഗുണമേന്മ പരിശോധിച്ച് ഉറപ്പാക്കിയതിനു ശേഷമാണ് സ്റ്റോക്ക് കൈപ്പറ്റുന്നത്.

**(ബി)** ഇത്തരത്തിൽ വിതരണം നടത്തുന്ന അരിയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**